# അൽമായവേദി ന്യൂസ് ബുള്ളറ്റിൻ

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരണം

**Web Edition Only** 2008 ജനുവരി 31

# പി. സി. യോഹന്നാൻ റമ്പാന്റെ പേരിൽ നടപടി വേണമെന്ന്

### അൽമായ വേദി ന്യൂസ് സർവ്വീസ്

പാമ്പാടി: മലങ്കരസഭയിലെ മെത്രാപ്പോലീത്താമാർക്കെതിരായി നിരന്തരമായി അനാവശ്യ പരാതികൾ ഉന്നയിക്കുകയും സഭയെ രാഷ്ട്രീയവൽക്കരിക്കുകയും, മാനേജിംഗ് കമ്മറ്റിയിൽ വിഭാഗീയത ഉണ്ടാക്കാൻ ഗ്രൂപ്പ് യോഗങ്ങൾ ചേരുകയും ചെയ്യുന്ന പാമ്പാടി ദയറാ മാനേജർ പി. സി. യോഹന്നാൻ റമ്പാന്റെ പേരിൽ അച്ചടക്ക നടപടി എടുക്കണമെന്ന ആവശ്യം ശക്തമാക്കുന്നു.

യൂഹാനോൻ മാർ മിലിത്തോസ്, ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് എന്നീ മെത്രാപ്പോലീത്താമാരെ സഭയിൽ നിന്നു പുറത്താക്കാൻ സഭയുടെ സ്ഥാപനങ്ങളും ഉപകരണങ്ങളും പണവും ഉപയോഗിച്ച് റമ്പാൻ പ്രവർത്തിക്കുകയാണെന്ന് ആരോപണം ഉണ്ട്. ഒരു രാഷ്ട്രീയ നേതാവിനു വേണ്ടി മാത്രം സഭയിൽ വിഭാഗീയത വളർത്തുന്ന റമ്പാനെ നിലയ്ക്കു നിർത്തണമെന്ന ആവശ്യവും ശക്തമായിട്ടുണ്ട്. തൃക്കുന്നത്തു സെമിനാരി സംഭവങ്ങളെപ്പറ്റി ആലോചിക്കുവാൻ അടിയന്തിരമായി വിളിച്ചുചേർത്ത മാനേജിംഗ് കമ്മറ്റിയുടെ ഭൂരിഭാഗം സമയവും അപഹരിച്ചത് റമ്പാന്റെ രാഷ്ട്രീയക്കളിയാണെന്നും പറയപ്പെടുന്നു.

ദയറായക്കാരന്റെ മാന്യത ലംഘിച്ച പി. സി. യോഹന്നാൻ റമ്പാനെ പരിപാവനമായ പാമ്പാടി ദയറാമാനേജർ സ്ഥാനത്തു നിന്നും നീക്കണമെന്ന് കോട്ടയം മെത്രാപ്പോലീത്താ ഗീവറുഗീസ് മാർ ഈവാനിയോസിനും, മാനേജിംഗ് കമ്മറ്റിയിലെ നോമിനേറ്റഡ് അംഗമായ ഇദ്ദേഹത്തെ ആ സ്ഥാനത്തു നിന്നും നീക്കണമെന്ന് മലങ്കര മെത്രാപ്പോലീത്തായ്ക്കും പരാതി നൽകാൻ തയാറെടുക്കുന്നതായി അറിയുന്നു.

പാമ്പാടിയിൽ തന്നെ തെരുവുയോഗങ്ങളിൽ നിരന്തരമായി പ്രസംഗിക്കുകയും മാനേജിംഗ് കമ്മറ്റിയിൽ ഗ്രൂപ്പുയോഗം നടത്തുകയും ചെയ്യുന്ന റമ്പാൻ മറ്റുള്ളവർ പ്രസംഗിക്കുന്നതിനെ വിമർശിക്കുന്നതിന്റെ ധാർമ്മികതയും ചോദ്യം ചെയ്യപ്പെടുന്നുണ്ട്.



**ഗുരുവിന്റെ വഴിയേ....**
**ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്**



**കുഞ്ഞൂഞ്ഞിനു വേണ്ടി ഒരു ജീവിതം: പി. സി. യോഹന്നാൻ റമ്പാൻ**

# ശുദ്ധ നുണയെന്ന് ദൃക്സാക്ഷി; റമ്പാൻ ചമച്ച മരണകഥ പൊളിയുന്നു

പാമ്പാടി: പാടത്തുമാപ്പിള കുടുംബയോഗം രക്ഷാധികാരി തറക്കുന്നേൽ ടി. പി. ഫീലിപ്പോസിന്റെ മരണം, ഗബ്രിയേൽ മെത്രാപ്പൊലീത്താ പാമ്പാടിയിൽ പ്രസംഗിക്കുന്നുവെന്നറിഞ്ഞ ആഘാതത്തിലാണെന്ന കഥ ശുദ്ധ നുണയാണെന്ന് പരേതന്റെ ബന്ധുക്കൾ. കോട്ടയം മെഡിക്കൽ സെന്ററിൽ അബോധാവസ്ഥയിൽ കഴിഞ്ഞിരുന്ന രോഗിയെയാണ് റമ്പാൻ സന്ദർശിച്ചതെന്നും, രോഗിയും റമ്പാനും തമ്മിൽ യാതൊരു സംഭാഷണവും നടന്നിട്ടില്ലെന്നും താനതിന് ദൃക്സാക്ഷിയാണെന്നും പാമ്പാടി കോത്തല സ്വദേശിയായ സാബു 'അൽമായവേദി'യോടു പറഞ്ഞു. കോട്ടയം എബിൻ മെഡിക്കൽസ് ഉടമയായ ഇദ്ദേഹം പരേതന്റെ ബന്ധു

വാണ്. ഗബ്രിയേൽ മെത്രാപ്പൊലീത്തായുടെ പാമ്പാടി പ്രസംഗത്തെ ശക്തമായി എതിർക്കുന്നയാളുമാണ് ഇദ്ദേഹം.

# തൃക്കുന്നത്തു സെമിനാരി വീണ്ടെടുക്കുമെന്ന് യാക്കോബായ സഭ

കോതമംഗലം: ആലുവാ തൃക്കുന്നത്ത് സെമിനാരിയും അനുബന്ധ സ്ഥാപനങ്ങളും സ്വത്തുക്കളും വീണ്ടെടുക്കുമെന്ന് യാക്കോബായ സഭാ സമ്മേളനം പ്രഖ്യാപിച്ചു.

ഓർത്തഡോക്സ് വിഭാഗത്തെ സെമിനാരിയിൽ നിന്ന് ഒഴിപ്പിക്കാൻ സർക്കാരിന് മൂന്നു മാസം സമയം നൽകുമെന്ന് സമ്മേളനത്തിൽ അധ്യക്ഷത വഹിച്ച ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ് തോമസ് പ്രഥമൻ ബാവാ പറഞ്ഞു. ഏപ്രിൽ അവസാനവും പ്രശ്നത്തിന് ശാശ്വത പരിഹാരമായില്ലെങ്കിൽ തങ്ങൾ തൃക്കുന്നത്ത് പ്രവേശിക്കുമെന്ന് ബാവാ പ്രഖ്യാപിച്ചു. അങ്കമാലി ഭദ്രാസന കൗൺസിൽ, മാനേജിംഗ് കമ്മിറ്റി, ഭക്തസംഘടനകൾ, വിശ്വാസസംരക്ഷണ സമിതി എന്നിവയുടെ സംയുക്ത സമ്മേളനമാണ് സെമിനാരി വീണ്ടെടുക്കാൻ തീരുമാനമെടുത്തത്.

(കേരള കൗമുദി, ജനു. 31)

### ഓഫ് സൈഡ് - ഓഫ് സൈഡ്

## ഇടിവണ്ടിയിൽ കയറിവന്ന് ധൂപമില്ലാതെ ധൂപ പ്രാർത്ഥന

ആലുവാ: മുഖ്യമന്ത്രിയെയും മന്ത്രിമാരെയും ഫോണിൽ വിളിച്ച് കരച്ചിലോടു കരച്ചിൽ നടത്തി അവരുടെ മനസ്സലിയിപ്പിച്ച്, ഒടുവിൽ "അങ്ങേരെ അവിടെയെങ്ങാനും ഒന്നു കയറ്റി ഇറക്കി വിടടോ" എന്ന ഡയലോഗ് കേട്ട് തോമസ് പ്രഥമനെയും മെത്രാന്മാരെയും പോലീസേമാന്മാർ ഇടിവണ്ടിയിൽ കയറ്റിക്കൊണ്ടുവന്ന് കബറിങ്കൽ ഒന്നു ചുറ്റിച്ച് ഉടനെ തിരികെ വണ്ടിയിൽ കയറ്റിക്കൊണ്ടു പോയതോടെ ആലുവാ തൃക്കുന്നത്ത് സെമിനാരിയിലെ ഈ വർഷത്തെ ഓർമ്മപെരുന്നാളിന് ശുഭാന്ത്യം. കുപ്പായത്തിൽ ഒളിപ്പിച്ചുവച്ചു കൊണ്ടുവന്ന ധൂപക്കുറ്റി കബറിങ്കൽ എത്തിയതോടെ ഫോട്ടോയ്ക്കു പോസു ചെയ്തു നല്ലോണം വീശി. ധൂപക്കുറ്റി വീശുമ്പോൾ പുക വരേണ്ടതാണെന്നു 'പോഷന്മാരായ' പത്രക്കാർക്കുണ്ടോ വിവരം. അവന്മാര് വച്ചു താങ്ങി. "ശ്രേഷ്ഠബാവാ കബറിങ്കൽ ധൂപ പ്രാർത്ഥന നടത്തി' എന്ന്.

പള്ളിതുറന്ന് വിശുദ്ധ കുർബാന ചൊല്ലുമെന്നു പറഞ്ഞ തോമസ് പ്രഥമന് ഇത്രയും കൊണ്ട് ഈ വർഷം തൃപ്തിപ്പെടേണ്ടിവന്നു. "ഒരങ്കത്തിനു കൂടി ബാല്യമുണ്ടല്ലോ. ആറു മാസത്തിനകം കാണിച്ചുതരാം" എന്ന് മുറുമുറുത്തു കൊണ്ട് അദ്ദേഹം അടങ്ങുന്നു.

"ഇങ്ങേരൊക്കെ ചുമന്ന കുപ്പായത്തിൽ കയറിയതുകൊണ്ട് നമുക്ക് പണിയായി" എന്ന് ഒരു പോലീസുകാരൻ പരിതപിക്കുന്നതു കേട്ടു. ഒരു കുപ്പായം കാരണം ഖജനാവിനു നഷ്ടം ലക്ഷങ്ങൾ!

# ഇടത് എം. എൽ. എ. മാരെയും ഓർത്തഡോക്സ് സഭ ഒഴിവാക്കുന്നു

കോട്ടയം: മന്ത്രിമാരെ ബഹിഷ്കരിക്കുന്നതിനു പുറമെ ഓർത്തഡോക്സ് സഭയുടെ പരിപാടികളിൽ നിന്ന് ഇടതുപക്ഷ എം. എൽ. എ. മാരെയും ഒഴിവാക്കുന്നു.

ഇന്നലെ കോട്ടയത്ത് നടന്ന മാനേജിംഗ് കമ്മറ്റിയിലാണ് ഈ നിർദ്ദേശം ഉണ്ടായത്. തുടർന്ന് റാന്നി എം എൽ. എ. രാജു ഏബ്രഹാമിനെ പത്തനംതിട്ട ജില്ലയിലെ സഭാ പരിപാടികളിൽ നിന്ന് ഒഴിവാക്കാൻ തീരുമാനിച്ച വിവരം യോഗത്തിൽ റിപ്പോർട്ടു ചെയ്തു.

മന്ത്രിമാരെ ബഹിഷ്കരിക്കാനുള്ള തീരുമാനം മാനേജിംഗ് കമ്മറ്റിയുടേതായി ഇന്നലെ പുറത്തുവന്നു. എം. എൽ. എ. മാരുടെ കാര്യം അതാതു പ്രാദേശിക ഘടകങ്ങൾ നിശ്ചയിക്കും എന്നാണ് സഭയുടെ നിലപാട്. തൃക്കുന്നത്ത് സെമിനാരി സംഭവത്തിൽ സർക്കാരിനെതിരെ നിയമ നടപടികൾ സ്വീകരിക്കാൻ സമിതി യോഗം തീരുമാനിച്ചു. സഭയുടെ ലീഗൽ സെല്ലിനാണ് ഇതിന്റെ ചുമതല.

(കേരള കൗമുദി, ജനു. 31)

# ഓർത്തഡോക്സ് സഭയിൽ യു. ഡി. എഫ്. - സി. പി. എം. പോരാട്ടം

കോട്ടയം: ഓർത്തഡോക്സ് സഭയിൽ രണ്ടു രാഷ്ട്രീയ ചേരികളായി രഹസ്യമായി പോരാടിവന്ന സഭാഅംഗങ്ങളിൽ യു. ഡി. എഫ്. അനുകൂല വിഭാഗം മറുകൂട്ടർക്കെതിരെ പരസ്യമായി രംഗത്തുവന്നു.

കോട്ടയം പഴയസെമിനാരിയിൽ ഇന്നലെ മാനേജിംഗ് കമ്മറ്റി യോഗം നടന്നപ്പോഴാണ് സി. പി. എം. പരിപാടികളിൽ പങ്കെടുത്ത വൈദികർക്കും സഭാ അദ്ധ്യക്ഷൻമാർക്കുമെതിരെ മുദ്രാവാക്യങ്ങളും പ്ളാക്കാർഡുകളുമായി ഇവർ പ്രതിഷേധിച്ചത്. ഓർത്തഡോക്സ് സഭ സംരക്ഷണസമിതി എന്ന സംഘടനയുടെ പേരിലായിരുന്നു പ്രതിഷേധം. സി. പി. എം. സമ്മേളനവേദിയിൽ ബിഷപ്പ് പങ്കെടുത്തതും സംമ്മേളനത്തിന് പിരിവ് നൽകിയതുമാണ് ഇവർ ആക്ഷേപമായി ഉയർത്തി കാണിക്കുന്നത്. വൈദികരും ബിഷപ്പുമാരും, മെത്രാന്മാരും രാഷ്ട്രീയം പറയരുത്. രാഷ്ട്രീയവേദികൾ പങ്കിടരുത്. ഇവർക്ക് പെരുമാറ്റച്ചട്ടം ഉണ്ടാക്കണം. ദേവലോകം സഭാ ആസ്ഥാനത്ത് ഭരണസംവിധാനം അഴിച്ചു പണിയണം എന്നീ ആവശ്യങ്ങളും പ്രതിഷേധക്കാർ ഉന്നയിച്ചു.

ഉമ്മൻചാണ്ടി മുഖ്യമന്ത്രി ആയിരുന്നപ്പോൾ സഭയിലെ മെത്രാന്മാർ അദ്ദേഹത്തെ പീഡിപ്പിക്കുകയായിരുന്നു. പി. സി. അലക്സാണ്ടറെ രാഷ്ട്രപതി സ്ഥാനാർത്ഥിയായി ഉയർത്തിക്കാണിക്കുന്നതിൽ സഭാനേതൃത്വം പരാജയപ്പെട്ടു തുടങ്ങിയ ആക്ഷേപങ്ങൾ അടങ്ങിയ ലഘുലേഖയും ഇവർ വിതരണം ചെയ്തു. മാനേജിംഗ് കമ്മറ്റി ഉചിതമായ നടപടികൾ സ്വീകരിച്ചില്ലെങ്കിൽ എല്ലാ പള്ളികളും കേന്ദ്രീകരിച്ച് പ്രചരണ പരിപാടികൾ ആരംഭിക്കുമെന്ന് ലഘുലേഖയിൽ മുന്നറിയിപ്പ് നൽകുന്നുണ്ട്.

(കേരള കൗമുദി, ജനു. 31)



# പ. മാത്യൂസ് ദ്വിതീയൻ ബാവായെ അവഗണിച്ചു

ശാസ്താംകോട്ട: പ. മാത്യൂസ് ബാവായുടെ രണ്ടാം ഓർമ്മ പ്പെരുന്നാളിൽ നിന്നും ഭൂരിപക്ഷം മെത്രാന്മാരും വിട്ടു നിന്നു. ഗീവറുഗീസ് മാർ ഈവാനിയോസ്, സഖറിയാ മാർ അന്തോണി യോസ് എന്നീ മെത്രാപ്പോലീത്താമാരും ഒരു കോർ എപ്പിസ്ക്കോ പ്പായും ചേർന്നാണ് ജനുവരി 26-നു വി. മൂന്നിന്മേൽ കുർബ്ബാന അർപ്പിച്ചത്.

തൃക്കുന്നത്തു സെമിനാരിയിലെ സംഭവവികാസങ്ങൾ മൂലം അവിടെ കഴിയേണ്ടിവന്ന പ. കാതോലിക്കാ ബാവാ, ശ്രേഷ്ഠ നിയുക്ത കാതോലിക്കാ, വിവിധ ദിവസങ്ങളിലെ പെരുന്നാൾ ചടങ്ങുകളിൽ പങ്കെടുത്തവർ, നാട്ടിലില്ലാത്തവർ എന്നിവരൊഴി കെയുള്ള മെത്രാന്മാരുടെ അഭാവം വൻ പ്രതിഷേധം ഉയർത്തി യിട്ടുണ്ട്. ജനുവരി 26-നു അഞ്ചു മെത്രാന്മാർ മദ്ധ്യതിരുവിതാം കൂറിലെ വിവിധ സ്ഥലങ്ങളിൽ ഉണ്ടായിരുന്നു എന്ന വസ്തുത അവഗണനയുടെ ലക്ഷണമായി ചൂണ്ടിക്കാട്ടുന്നു. കാലം ചെയ്തു രണ്ടു വർഷമായപ്പോൾ ഈ അവഗണനയെങ്കിൽ മുമ്പോട്ട് എന്താകുമെന്നും ചിലർ ആശങ്കപ്പെടുന്നുണ്ട്. മാർ മാത്യൂസ് ദ്വിതീയൻ ബാവായുടെ നിഴലിൽ വളർന്ന് മാനേജിംഗ് കമ്മറ്റിയിൽ എത്തിയവർ പോലും ജനുവരി 30-ലെ മാനേജിംഗ് കമ്മറ്റിയിൽ ഈ വിഷയം ഉന്നയിച്ചില്ല.

ആയിരക്കണക്കിനാളും നൂറുകണക്കിനു വൈദികരും പങ്കെ ടുത്ത പെരുന്നാൾ ചടങ്ങുകൾക്ക് മികച്ച സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരുന്നത്.

### ഓഫ് സൈഡ് - ഓഫ് സൈഡ്

## പിന്നേം തല്ലുകൊള്ളിക്കാനാണോ ഭാവം...

ആലുവാ കുളംതോണ്ടിയ ശേഷം ഇപ്പോൾ കുണ്ടറ വിളംബരം നടത്തുന്ന മാനേജിംഗ് കമ്മറ്റിയിലെ നോമിനേ റ്റഡ് വൈദികഅംഗം വിചിത്രമായ ഒരാവശ്യം മാനേജിംഗ് കമ്മറ്റിയിൽ ഉന്നയിച്ചു. മാർക്സിസ്റ്റ് പാർട്ടിയുടെ സംസ്ഥാന സമ്മേളനം കോട്ടയത്തു നടക്കുന്ന ദിവസം മാർ ഏലിയാ കത്തീഡ്രലിൽ ഉപവാസ പ്രാർത്ഥന നടത്തണം. അപകടം മണത്ത മറ്റംഗങ്ങൾ പരിപാടി വേണ്ടെന്നു വച്ചു. ടിയാന്റെ കൈയിലിരിപ്പുകൊണ്ട് തിരുവനന്തപുരത്തുപോയി തല്ലു കൊണ്ട ഒരു മാനേജിംഗ് കമ്മറ്റി അംഗത്തിന്റെ ആത്മഗതം "ഇനീം തല്ലു കൊള്ളിക്കാനാണോ?"

**വാൽക്കഷണം:** കോട്ടയം ഫ്ളൈ ഓവർ യാഥാർത്ഥ്യമാ വുകയാണെങ്കിൽ ഉപവാസം നടത്താൻ ഏലിയാ കത്തീ ഡ്രൽ അടുത്ത വർഷം കാണുകയില്ല!



# മാർ മക്കാറിയോസ് വിസ്മൃതിയിൽ

കോട്ടയം: ജനുവരി 30-നു നടന്ന മാനേജിംഗ് കമ്മറ്റിയിൽ അപ കടത്തിൽപ്പെട്ടു കഴിയുന്ന മാർ മക്കാറിയോസിനെ പാടേ അവഗ ണിച്ചു.

ജനുവരി 10-നു ചേരാനിരുന്ന മാനേജിംഗ് കമ്മറ്റി മാർ മക്കാറി യോസിന്റെ അപകടത്തെ തുടർന്നാണ് മാറ്റിവെച്ചതെന്നാണ് ഔദ്യോഗിക ഭാഷ്യം. എന്നാൽ കഴിഞ്ഞ യോഗത്തിൽ അദ്ദേഹ ത്തിന്റെ ആരോഗ്യനിലയെപ്പറ്റി പ്രസ്താവിക്കുകയോ അദ്ദേഹ ത്തിനുവേണ്ടി പ്രാർത്ഥിക്കുകയോ ചെയ്തില്ല.

യോഗാവസാനത്തിൽ കൊല്ലത്തുനിന്നുള്ള മാനേജിംഗ് കമ്മറ്റി യംഗം മാത്യു ചെറിയാൻ പ്രതിഷേധ സ്വരമുയർത്തിയതിന്റെ ശേഷമാണ് മാർ മക്കാറിയോസിന്റെ ആരോഗ്യനില തൃപ്തിക രമായി പുരോഗമിക്കുന്നുവെന്ന് ശ്രേഷ്ഠ നിയുക്ത ബാവാ യോഗത്തെ അറിയിച്ചത്.

# അജണ്ടയിലില്ല

കോട്ടയം: ഫെബ്രുവരി 20-നു ചേരുന്ന മാനേജിംഗ് കമ്മറ്റി യിൽ മൂസാ ഗുർഗാൻ മാർ സേവേറിയോസിനെ വാഴിച്ചത് ഒരു വിഷയമായി ചേർത്തിട്ടില്ല.

ഇദ്ദേഹത്തെ വാഴിച്ച ഡോ. മാർ അത്താനാസ്യോസ്, മാർ മിലി ത്തോസ് എന്നിവരുടെ പേരിൽ 20-നു നടപടി ഉണ്ടാകും എന്ന മട്ടിൽ ചില പത്രങ്ങളിൽ വന്ന വാർത്ത ശരിയല്ലെന്ന് ഇതോടെ വ്യക്തമായി.

# ദുരൂഹത

തിരുവനന്തപുരം: തൃക്കുന്നത്തു സെമിനാരി വിഷയം സംബന്ധിച്ച് ജനുവരി 24-നു മുഖ്യമന്ത്രിയുമായി നടത്തിയ ചർച്ചയിലെ ഓർത്തഡോക്സ് സഭാ പ്രതിനിധി സംഘത്തിൽ പൗലൂസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ, ഫാ. ഡോ. എം. ഒ. ജോൺ എന്നിവരെ ഉൾപ്പെടുത്തിയതിൽ ദുരൂഹത.

തൃക്കുന്നത്തു സെമിനാരിയുമായി നിലവിൽ യാതൊരു ബന്ധവുമില്ലാത്ത ഇവരെ ഉൾപ്പെടുത്തുകയും സെമിനാരി മാനേജർ ഫാ. മത്തായി ഇടയനാലിനെ ഒഴിവാക്കുകയും ചെയ്തതിന്റെ ന്യായീകരണം ഒരു കടംകഥയായി തുടരുകയാണ്.

എന്നാൽ എന്തോ കാരണത്താൽ ഫാ. ഡോ. എം. ഒ. ജോൺ ചർച്ചയിൽ പങ്കെടുത്തില്ല.

# നിഷേധിച്ചു

തിരുവനന്തപുരം: മാർക്സിസ്റ്റ് പാർട്ടി പാമ്പാടിയിൽ സംഘടിപ്പിച്ച കല, സാഹിത്യം, മാനവീയത എന്ന സെമിനാറിൽ പങ്കെടുക്കരുതെന്ന് തന്നോട് പ. കാതോലിക്കാബാവായോ ശ്രേഷ്ഠ നിയുക്ത ബാവായോ ആവശ്യപ്പെട്ടിട്ടില്ലെന്നും, അപ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിൽ തീർച്ചയായും താൻ പങ്കെടുക്കില്ലായിരുന്നെന്നും ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ മാനേജിംഗ് കമ്മറ്റിയിൽ വ്യക്തമാക്കി.

ഒരു ശവസംസ്കാര ചടങ്ങിൽ പങ്കെടുക്കാൻ വേണ്ടി മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ മാനേജിംഗ് കമ്മറ്റിയോഗം വിട്ടശേഷം, പി. സി. യോഹന്നാൻ റമ്പാൻ ഈ വിഷയം വീണ്ടും ഉന്നയിക്കുകയും അതിനു മറുപടിയായി പ. പിതാവിന്റെ സെക്രട്ടറി ശെമ്മാശൻ പങ്കെടുക്കരുതെന്ന് മാർ ഗ്രിഗോറിയോസിനെ അറിയിച്ചതായി ശ്രേഷ്ഠ നിയുക്ത കാതോലിക്കാ മറുപടി നൽകുകയും ചെയ്തു.

എന്നാൽ പ. പിതാവിന്റെ സെക്രട്ടറി അപ്രകാരം ഒരു സന്ദേശം തനിക്കു നൽകിയിട്ടില്ലെന്ന് മാർ ഗ്രിഗോറിയോസ് 'അൽമായ വേദി'യോട് പറഞ്ഞു.

എന്തുകൊണ്ട് മാർ ഗ്രിഗോറിയോസ് മാനേജിംഗ് കമ്മറ്റിയിൽ ഉണ്ടായിരുന്നപ്പോൾ ഈ വിവരം ശ്രേഷ്ഠ നിയുക്ത കാതോലിക്കാ വെളിപ്പെടുത്തിയില്ലായെന്നും, ഒരു മെത്രാപ്പോലീത്തായ്ക്ക് നിർദ്ദേശം നൽകേണ്ടത് കേവലം ഒരു ശെമ്മാശനാണോയെന്നും ചോദ്യം ഉയർന്നിട്ടുണ്ട്.

## ഓഫ് സൈഡ് - ഓഫ് സൈഡ്

# ഒരുമയുണ്ടെങ്കിൽ......

ജനുവരി മുപ്പതിലെ മാനേജിംഗ് കമ്മറ്റി യോഗത്തിനു ശേഷം പഴയസെമിനാരിയിലെ മാവിൻചുവട്ടിൽ *ഉചാമ* അംഗങ്ങൾ യോഗം കൂടി. ഗബ്രിയേലിന്റെ ചിറകരിഞ്ഞതിൽ സംതൃപ്തി പ്രകടിപ്പിച്ച യോഗം തൃശൂർ, മൂവാറ്റുപുഴ മെത്രാന്മാർക്കെതിരെ ഫെബ്രു. 20-നുള്ള സമരവും ഇപ്രകാരം ഒരുമിച്ചു നടത്താൻ തീരുമാനിച്ചു. അപ്പോൾ നേതാവിന്റെ ഉപദേശം ഇന്നത്തെപ്പോലെ ഒരുമിച്ചു നിന്നാൽ കളി നടക്കും.

ജനുവരി 31-ന് ചില പത്രങ്ങളിലെ വാർത്ത കണ്ടതോടെ *ഉചാമ*യുടെ കെണിയിൽപ്പെട്ട അംഗങ്ങൾക്ക് തങ്ങൾക്കു പിണഞ്ഞ അമളി മനസിലായി. അതോടെ അവർ പത്തി മടക്കിയെന്നാണ് റിപ്പോർട്ടുകൾ.

# എം. എൽ. എ. യുടെ അസാന്നിദ്ധ്യത്തിൽ പ്രതിഷേധം

തിരുവല്ല: പ. കാതോലിക്കാബാവായെ അറസ്റ്റു ചെയ്യുന്ന സാഹചര്യമുണ്ടായിട്ടും അവിടെ സന്നിഹിതനാവുകയോ സംഭവത്തിൽ പ്രതികരിയ്ക്കുകയോ ചെയ്യാത്ത ഓർത്തഡോക്സ് സഭാംഗമായ ജോസഫ് എം. പുതുശ്ശേരി എം. എൽ. എ. യുടെ നടപടിയിൽ പ്രതിഷേധം വ്യാപകമാകുന്നു.

പുത്തൻകുരിശു സൊസൈറ്റിയുമായി ബന്ധപ്പെട്ട മുൻ മന്ത്രി ടി. യു. കുരുവിള എം. എൽ. എ. ജനുവരി 25-നു മുഴുവൻ സമയവും ആലുവായിൽ ഉണ്ടായിരിയ്ക്കേ സന്നിഗ്ദ ഘട്ടത്തിൽ പോലും പ്രതികരിക്കാത്ത ജോസഫ് എം. പുതുശ്ശേരിയുടെ നടപടി ലജ്ജാവഹമാണെന്ന് കല്ലൂപ്പാറയിലെ ഒരു ഓർത്തഡോക്സ് സഭാംഗം പരിതപിച്ചു.

മുമ്പ് യു. ഡി. എഫ്. ഭരണകാലത്ത് വാരിക്കോലിയിൽ പ. മാത്യൂസ് ദ്വിതീയൻ ബാവായെ രണ്ടുമണിക്കൂർ വഴിയിൽ തടഞ്ഞിട്ടിട്ടും ഓർത്തഡോക്സ് ഭൂരിപക്ഷമുള്ള കല്ലൂപ്പാറയിൽ നിന്നും ജയിക്കുന്ന ഓർത്തഡോക്സുകാരനായ ജോസഫ് എം. പുതുശ്ശേരി പ്രതികരിച്ചില്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# കോടതിയിലേയ്ക്ക്?

പത്തനംതിട്ട: ഓർത്തഡോക്സ് സഭയിലെ മെത്രാന്മാരും വൈദികരും രാഷ്ട്രീയ പാർട്ടികളുടെ യോഗത്തിൽ സംബന്ധിക്കുകയോ, രാഷ്ട്രീയ പ്രവർത്തനം നടത്തുകയോ ചെയ്യരുതെന്ന നിർദ്ദേശത്തിന്റെ നിയമസാധുതയിൽ സംശയം ഉയരുന്നു. പൗരൻ എന്ന നിലയിൽ പൂർണ്ണ അഭിപ്രായ സ്വാതന്ത്ര്യമുള്ള ഇന്ത്യയിൽ ഇപ്രകാരം ഒരു നിരോധനം നിയമദൃഷ്ട്യാ നിലനിൽക്കുകയില്ലെന്നും ചിലർ ചൂണ്ടിക്കാട്ടുന്നു. സഭാംഗ ങ്ങളിൽ ചിലർ ഇതിനെതിരെ കോടതിയെ സമീപിക്കാനും ശ്രമിക്കുന്നതായി അറിയുന്നു. രാഷ്ട്രീയത്തേക്കാളുപരി കേവലം ഒരൊറ്റ രാഷ്ട്രീയക്കാരനു വേണ്ടിയാണ് ഈ കോമാളിത്തമെല്ലാമെന്ന ആരോപണവും ഉയരുന്നുണ്ട്.

ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ്, ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് എന്നിവർ മുമ്പും ഇടതുപക്ഷകക്ഷികൾ സംഘടിപ്പിച്ച സെമിനാറുകളിൽ പങ്കെടുത്തിട്ടുണ്ട്. വിവിധ കേരളാ കോൺഗ്രസ് ഗ്രൂപ്പുകൾ ഒന്നിക്കണമെന്ന സദുദ്ദേശ്യത്തോടെ അവരുടെ നേതാക്കൾക്ക് ഓർത്തഡോക്സ് സഭയിലെ ഒരു മേല്പട്ടക്കാരൻ ചായസൽക്കാരം നടത്തിയതു സമീപകാലത്താണ്. ഈ നടപടികളെ എങ്ങനെ വിലയിരുത്തും എന്ന ചിന്താക്കുഴപ്പത്തിലാണ് പല മാനേജിംഗ് കമ്മറ്റി അംഗങ്ങളും. ഇപ്രകാരം ഒരു നിരോധനത്തിനു ചുക്കാൻ പിടിച്ച റമ്പാൻ ഒരു രാഷ്ട്രീയ നേതാവിനു വേണ്ടി എല്ലാ തിരഞ്ഞെടുപ്പിലും രഹസ്യമായും പരസ്യമായും പ്രവർത്തിയ്ക്കുന്ന നടപടി ഏതു തരത്തിൽ കൈകാര്യം ചെയ്യുമെന്നും ചിലർ ചോദ്യം ഉന്നയിച്ചിട്ടുണ്ട്.

# പ്രതിഷേധിച്ചു

കോട്ടയം: പ. മാത്യൂസ് ദ്വിതീയൻ ബാവായുടെ രണ്ടാം ഓർമ്മപ്പെരുന്നാളിൽ നിന്നു ഭൂരിപക്ഷം മെത്രാന്മാരും വിട്ടു നിന്നതിൽ അഖില മലങ്കര ഓർത്തഡോക്സ് അൽമായ വേദി പ്രതിഷേധിച്ചു. തൃക്കുന്നത്തു സെമിനാരി പ്രശ്നം മൂലം പങ്കെടുക്കുവാനാകാതെ വന്ന പ. കാതോലിക്കാ ബാവാ, ശ്രേഷ്ഠ നിയുക്ത ബാവാ എന്നിവരും പെരുന്നാളിന്റെ വിവിധ ദിവസങ്ങളിലെ ചടങ്ങുകളിൽ പങ്കെടുത്തവരുമൊഴികെയുള്ള മെത്രാപ്പോലീത്താമാർ നടത്തിയത് അക്ഷന്തവ്യമായ അപരാധമാണെന്ന് അൽമായവേദി കുറ്റപ്പെടുത്തി.